# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2072 19-6-2012 ന് മറുപടിയ്ക്ക്**

## ആദിവാസികൾക്ക് ജൈവകൃഷിയിൽ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനംവകുപ്പിന്റെ കീഴിൽ ആദിവാസികൾക്ക് ജൈവകൃഷിയിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; | (എ) തേക്കടി ആസ്ഥാനമായുള്ള പെരിയാർ ടൈഗർ റിസർവിൽ ഉൾപ്പെടുന്ന ആദിവാസികൾക്ക് ജൈവകൃഷിയിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി 2008 ൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മൂന്നാർ ഡിവിഷനിലെ മൂന്നാർ റെയിഞ്ചിൽ വരുന്ന ഇടമലക്കുടി ആദിവാസി കോളനികളിൽ (28 കുടികൾ) 2012 ഫെബ്രുവരി മാസത്തിൽ ജൈവക്കൃഷിയുമായി ബന്ധപ്പെട്ട് 4 പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ടി കുടികളിൽ രോഗ പ്രതിരോധ ശേഷിയുള്ള 6.25 ലക്ഷം നാടൻ ഏല തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. ഈ പ്ളാന്റിംഗ് സീസണിൽ തന്നെ തൈ വിതരണവും നടീലും പൂർത്തിയാക്കുന്നതാണ്. കൂടാതെ പാരമ്പര്യ ഭക്ഷ്യവിഭവങ്ങളായ കാട്ടുതക്കാളി, കാട്ടുചേന, നൂറാംകിഴങ്ങ് എന്നിവയുടെ നടീൽ വസ്തുക്കളുടെ വിതരണത്തിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഇത്തരം കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; | (ബി) തേക്കടിയിലുള്ള ആദിവാസി കുടികളിൽ ജൈവകൃഷിയിലൂടെ ഉല്പാദിപ്പിച്ച ജൈവ കുരുമുളക്, ആവശ്യമായ സർട്ടിഫിക്കറ്റുകളും, ലൈസൻസുകളും വാങ്ങി 2008 ,2009 |

-------2

| | |
|---|---|
| | വർഷങ്ങളിൽ 8275 കിലോഗ്രാം ജർമ്മനിയിലേക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്. 2010, 2011 വർഷങ്ങളിലെ ഉൽപ്പന്നങ്ങൾ പ്രാദേശികമായി വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇടമലക്കുടിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഏലക്ക പൂർണ്ണമായും ജൈവ ഉൽപ്പന്നമാണ്. ആയത് ഇടനിലക്കാരെ ഒഴിവാക്കി വന വികസന ഏജൻസി വഴി നേരിട്ട് ശേഖരിച്ച് വിപണിയിലെത്തിച്ചുവരുന്നു. വനശ്രീ ഔട്ട്ലെറ്റുകൾ വഴിയും വിപണനം നടത്തുന്നുണ്ട്. |
| (സി) ഇതിനായി വനംവകുപ്പ് ഏതെങ്കിലും ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) നിലവിൽ ജൈവകൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് വനം വകുപ്പ് ഏതെങ്കിലും ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.